**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. സീന അലക്സ്.ഇ, അസി.എക്സി. എഞ്ചിനീയർമാരായ ശ്രീമതി. ഗംഗ. ആർ.എസ്, ശ്രീമതി. റോസ് സോളി. വി.എ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.1157/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,04.06.2019

---

പരാമർശം:- 1. സ.ഉ(പി) നം.536/2012(116)/ധന തീയതി 29.09.2012

2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.02.2019 -ലെ ഇ 1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. സീന അലക്സ്. ഇ, അസി.എക്സി. എഞ്ചിനീയറായ ശ്രീമതി. ഗംഗ. ആർ.എസ് എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ യഥാക്രമം 14.03.2017, 30.05.2018 തീയതി പ്രാബല്യത്തിലും, അസി.എക്സി.എഞ്ചിനീയറായ ശ്രീമതി. റോസ് സോളി. വി.എ-ക്ക് ഒന്നാം നോൺ കേഡർ പ്രൊമോഷൻ 06.02.2017 തീയതി പ്രാബല്യത്തിലും അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 14.03.2002 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. സീന അലക്സ്. ഇ, 13.03.2017-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾക്ക് 17.08.2018-ന് എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാൾക്ക് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

3. 30.05.2003 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ഗംഗ. ആർ.എസ് 29.05.2018-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾക്ക് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല

4. 06.02.2009 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. റോസ് സോളി. വി.എ, 05.02.2017-ന് 8 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾക്ക് 29.01.2018-ന് അസി.എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാൾക്ക് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല

5. മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. സീന അലക്സ്. ഇ. അസി.എക്സി. എഞ്ചിനീയറായ ശ്രീമതി. ഗംഗ. ആർ.എസ് എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 68700-110400 രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി യഥാക്രമം 14.03.2017, 30.05.2018 തീയതി

(തുടർന്ന്)

പ്രാബല്യത്തിൽ രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. എക്സി.എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ചതിനെത്തുടർന്നുള്ള ശ്രീമതി. സീന അലക്സിന്റെ ശമ്പളം കെ. എസ്. ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

6. അസി.എക്സി.എഞ്ചിനീയറായ ശ്രീമതി. റോസ് സോളി. വി.എ-ക്ക് പ്രസ്തുത സ്കീം പ്രകാരം 42500-87000/- രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 06.02.2017 തീയതി പ്രാബല്യത്തിൽ ഒന്നാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ചും ഉത്തരവാകുന്നു. അസി.എക്സി.എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ചതിനെത്തുടർന്നുള്ള ടിയാളുടെ ശമ്പളം കെ. എസ്. ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1 ശ്രീമതി. സീന അലക്സ്. ഇ, എക്സി. എഞ്ചിനീയർ, ശ്രീമതി. ഗംഗ. ആർ.എസ്. & ശ്രീമതി. റോസ് സോളി. വി.എ അസി.എക്സി.എഞ്ചിനീയർ (*ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

അസി. സെക്ഷൻ ഓഫീസർ